# *കഥാസാഗരത്തിലെ കവിതകൾ*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc.,Ph.D.)*

കഥയില്ലാക്കവിതയും
കവിതയില്ലാക്കഥയും
രചനാചാലകതന്ത്രത്തിൽ
ചാലകമ്പോളത്തിലെ
ചലിക്കാത്ത വില്പനച്ചരക്ക്.

കഥയാനയുടെ
ഇരുപത്തിരണ്ടാംമാസ
ഗർഭച്ഛിദ്രമോ?
കാവ്യസുന്ദരിയുടെ
പത്താംമാസ
പുനർജന്മമോ?
ഏറെ കഷ്ടം ഏതിനെന്ന്
ഗൃഹാതുര ഗർഭപീഡയും
പ്രാസപ്രസവവേദനയും
ശതമാനമാപിനിയിൽ
അക്കക്കുറിയാക്കി
കളരിപ്പയറ്റിൻ മെയ്‌വഴക്കം.

കഥയറിയാതാട്ടനാട്യത്തിൽ
ആട്ടക്കഥ ഗദ്യമാക്കുന്നതോ?
കവിത നുണയാക്കപടഗാത്ര-
സ്സുതാര്യ വസ്ത്രനിഴൽ
പദസമൂഹ പദ്യമാക്കുന്നതോ?

ഏറെ കഷ്ടം ഏതിനെന്ന്
കഷ്ടിയായ് ഗണിക്കാൻ
കുരുടിച്ച കവിടിനിരയിൽ
ദുഷ്മന്ത്രദണ്ഡുമുന ചുഴറ്റി
ആദിമകാവ്യനഭസ്സിൽ

നക്ഷത്രമെണ്ണി പകയകറ്റി
പുറപ്പാടിൻ ചേങ്ങലക്കെട്ടുകൾ
ചെണ്ടമദ്ദള കലാശക്കൊട്ടിൻ
ചുട്ടികുത്തിൽ മയങ്ങിടാതെ
നാൽവരിക്കവിതയിലൊളിക്കും
ബ്രഹ്മാണ്ഡ സത്യസൂക്തം
ഉദ്ധരണിയിൽ ജഗദുദ്ധാരണം
സാദ്ധ്യമാം പ്രസംഗവേദിയിൽ
അലയടിക്കുമന്തിമശക്തി.

കഥയില്ലാക്കവിതയും
കവിതയില്ലാക്കഥയും
രചനാചാലകതന്ത്രത്തിൽ
ചാലകമ്പോളത്തിലെ
ചലിക്കാത്ത വില്പനച്ചരക്ക്!
**********************************